

# അതിരൂപതാസിനഡും സിനഡനന്തര പ്രവർത്തനങ്ങളും

ഡോ. സ്റ്റാൻലി മാതിരപ്പിള്ളി

രക്ഷാകരചരിത്രത്തിലെ അടിസ്ഥാനചിന്തയനുസരിച്ച്, ചരിത്രം നയിക്കുന്നവൻ ചരിത്രനായകനായ ദൈവമാണ്. ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ അന്തർലീനമായിരിക്കുന്ന ഒരു ചാലകശക്തിയുണ്ട്; അത്, ദൈവാത്മാവു മാത്രമാണ്. പറുദീസാമുതൽ പറുദീസാവരെയുള്ള (സ്വർഗീയ ജറുസലേം) യാത്രയാണ് മനുഷ്യജീവിതം എന്നതാണ് ബൈബിളിന്റെ കാഴ്ചപ്പാട്. സ്വർഗീയജറുസലേം ലക്ഷ്യമാക്കിയുള്ള ഒരു തീർഥാടനമായി വിശുദ്ധ ബൈബിൾ ക്രിസ്തീയജീവിതം അവതരിപ്പിക്കുന്നു (ഹെബ്രാ 11:13-16; 1 പത്രോ. 1:17;2:11). ഈ അർഥത്തിൽ, ക്രിസ്തുവിന്റെ സഭ നിരന്തരം പുനഃസൃഷ്ടിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നവജീവനിലേക്കൊരു തീർഥാടനം എന്ന ആപ്തവാക്യം പ്രഘോഷിച്ചുകൊണ്ട് പ്രാദേശികസഭയായ വരാപ്പുഴ അതിരൂപത സർവതലസ്പർശിയായ പുനഃസൃഷ്ടിയും നവീകരണവും മുന്നിൽക്കണ്ടുകൊണ്ട് ഒരു തീർഥാടനത്തിന് തുടക്കംകുറിച്ചതാണ് വരാപ്പുഴ അതിരൂപതാസിനഡ്.

പുതിയ കാലവും കാലഘട്ടത്തിന്റെ അടയാളങ്ങളും തിരിച്ചറിഞ്ഞ് വെല്ലുവിളികൾ മറികടക്കാൻ കഴിയുംവിധം സഭാമക്കളെ സജ്ജമാക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഒരു പ്രധാനലക്ഷ്യം. സിനഡാഘോഷത്തിന് പ്രചോദനമായി സ്വീകരിച്ചത് ഏശയ്യാ പ്രവാചകന്റെ വാക്കുകളാണ്. യൂദയാരാജ്യത്തിലെ ജനങ്ങളെ ഒരു പുതുയുഗത്തിലേക്കു ക്ഷണിച്ചുകൊണ്ട് പ്രവാചകൻ ഇപ്രകാരം പറഞ്ഞു:

“വരുക, നമുക്ക് കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം” (ഏശ 2:5). പ്രവാചകന്റെ ഈ ആഹ്വാനം ഒരു യാത്രയ്ക്കുള്ള ക്ഷണമായിരുന്നു. സ്നേഹം തന്നെയായ ദൈവത്തിലേക്ക് വിശ്വാസവെളിച്ചത്തിലൂടെയുള്ള ഒരു യാത്ര. ആത്മീയലോകത്ത് ഈ യാത്രയ്ക്ക് തീർഥാടനം എന്നാണല്ലോ പറയുക. അത്തരമൊരു തീർഥാടനത്തിൽ പങ്കുചേരാൻ അതിരൂപതാ മാതാവ് തന്റെ മക്കളെയും അഭ്യുദയകാംക്ഷികളെയും ക്ഷണിക്കുകയായിരുന്നു ഈ സിനഡുവഴി.

## സിനഡ് വന്നവഴി

ഗ്രീക്ക് ഭാഷയിലെ Syn + hodos എന്ന പദങ്ങളിൽ നിന്നാണ് Synodus (Synod) എന്ന വാക്കുണ്ടായത്. ‘ഒരു പാതയിൽ ഒരുമിച്ചായിരിക്കുക’ എന്നാണിതിനർഥം. ഒരു രൂപതയിൽ രൂപതയുടെ മേല്നോട്ടക്കാരനായ മെത്രാനോടൊപ്പം വിശ്വാസിസമൂഹം ഒരുമിച്ചായിരിക്കുന്നതിനെ രൂപതാസിനഡ് എന്നു പേരുവിളിക്കാം.

മുൻകാലങ്ങളിൽ രൂപതാടിസ്ഥാനത്തിൽ ചേരുന്ന കൂട്ടായ്മകളെ രൂപതാ അസംബ്ലികൾ (Diocesan Assemblies) എന്നാണ് വിളിച്ചിരുന്നത്. ഇപ്രകാരം ഒരുമിച്ചു കൂടുമ്പോൾ സഭാപ്രതിനിധികൾ പ്രബോധനപരമായ കാര്യങ്ങളാണ് ചർച്ചചെയ്തിരുന്നത്. സഭാജീവിതം ദുർബലപ്പെടുത്തുന്ന തെറ്റായ പഠനങ്ങൾ ചെറുക്കാനും ആവശ്യമായ അച്ചടക്കനടപടികൾ സ്വീകരിക്കാനുമായിരുന്നു അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഇത്തരം അസംബ്ലികൾക്ക് കാനോനികസ്വാഭാവം (Canonical Character) ഉണ്ടായിരുന്നില്ല. എന്നാൽ രൂപതാസിനഡിന് ഒരു കാനോനിക സ്വാഭാവം ഉണ്ടെന്നുമാത്രമല്ല, കാനൻനിയമം അനുശാസിക്കുന്ന ചിട്ടയും ക്രമവും അനുസരിച്ചുവേണം അത് നടപ്പിലാക്കേണ്ടത്.

460 മുതൽ 468 വരെയുള്ള കാനോനുകളുടെ അടിസ്ഥാനത്തിലാണ് രൂപതാ സിനഡ് വിളിച്ചുകൂട്ടുന്നത്. കാനൻസംഹിത വിഭാവനം ചെയ്യുന്നതുപോലെ, സിനഡ് രൂപതാമെത്രാന്റെ താത്പര്യപ്രകാരം പുരോഹിതരുടെയും സന്ന്യസ്തരുടെയും പ്രതിജ്ഞാബദ്ധരായ അല്മായരുടെയും സജീവപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന ഒന്നാണ്. ചുരുക്കത്തിൽ, രൂപതാസിനഡ് എന്നാൽ, രൂപതാംഗങ്ങളുടെ പൊതുവായ നന്മയ്ക്കായി രൂപതാധ്യക്ഷനെ സഹായിക്കുന്നതിന് നിയുക്തരാകുന്ന വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പ്രാതിനിധ്യസ്വഭാവമുള്ള സമ്മേളനമാണ് (കാനൻ 460).

## അതിരൂപതാ സിനഡുകൾ

രൂപതകളുടെ മാതാവ് എന്ന് അഭിധാനമുള്ള വരാപ്പുഴഅതിരൂപതയിൽ ഇതിനുമുൻപ് മൂന്ന് രൂപതാസിനഡുകളും ഒരു പ്രൊവിൻഷ്യൽ സിനഡും നടന്നിട്ടുണ്ട്. ലെയോ പതിമൂന്നാമൻ പാപ്പായുടെ ‘ഹ്യുമാനേ സാലൂത്തിസ് ഔക്തോർ’ എന്ന തിരുവെഴുത്തുവഴി 1886 സെപ്തംബർ ഒന്നിനാണ് ഇന്ത്യൻ ഹയരാർക്കി സ്ഥാപിതമായത്. അതിന്റെ ഭാഗമായാണ് വരാപ്പുഴ വികാരിയാത്ത് അതിരൂപതയായി ഉയർത്തപ്പെട്ടത്. തുടർന്ന്, അതിരൂപതയുടെ ആദ്യ പത്ത് വർഷങ്ങൾക്കിടയിൽത്തന്നെ പ്രഥമ മെത്രാപ്പോലീത്ത ലെയനാർഡോ മെല്ലാനോ നാലു സിനഡുകൾ വിളിച്ചുചേർത്തു. ഒരു പ്രവിശ്യാ സിനഡിനു പുറമേ, 1889 ഏപ്രിൽ 23, 24 തീയതികളിൽ ഒന്നാം സിനഡും 1893 ഏപ്രിൽ 19, 20 തീയതികളിൽ രണ്ടാം സിനഡും 1896 ഡിസംബർ 15, 16 തീയതികളിൽ മൂന്നാം സിനഡും ചേർന്നു. ഈ മൂന്നു സിനഡുകളിലും ശുപാർശ ചെയ്യപ്പെട്ടു പാസ്സാക്കിയ ചട്ടങ്ങളും ചട്ടക്കൂടുകളും കേരള സഭയിൽ അന്നുമുതൽ ഇന്നുവരെ നിലകൊള്ളുന്നു. വരാപ്പുഴ അതിരൂപതയ്ക്കു മാത്രമല്ല, മറ്റു രൂപതകൾക്കും റീത്തുകൾക്കും മാർഗദർശകങ്ങളായി അവ മാറി. മലബാർ വികാരിയാത്ത്, വരാപ്പുഴ അതിരൂപത എന്നിങ്ങനെ സഭാഭരണസംവിധാനപരിണാമത്തിന്റെ മഹിതചരിത്രം പേറുന്ന വരാപ്പുഴ അതിരൂപതയിൽ ഒരു നൂറ്റാണ്ടിന്റെ ഇടവേളയ്ക്കു ശേഷമാണ് ഇത്തരത്തിൽ വിപുലമായൊരു രൂപതാസിനഡ് വിളിച്ചുചേർത്തത്.

## സിനഡാഘോഷപശ്ചാത്തലം

വരാപ്പുഴ അതിരൂപതയിലെ സിനഡിന് വഴിയൊരുക്കിയത് പ്രധാനമായും മൂന്നുകാര്യങ്ങളാണ്. എല്ലാ വിശ്വാസികളുടെയും സജീവവും ക്രിയാത്മകവുമായ പങ്കാളിത്തമുള്ള സഭ (Participatory Church) യായി പ്രാദേശികസഭ മാറണമെന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനം, അതിന്റെ സുവർണ ജൂബിലിയാഘോഷവേളയിൽ

പുനർവിചിന്തനത്തിനു വിധേയമായതാണ് അതിൽ ഒന്നാമത്തേത്.

രണ്ടാമത്തേത്, 'ക്രിസ്തുവിൽ നവജീവൻ' എന്ന ആപ്തവാക്യത്തോടെ നടത്തിയ വരാപ്പുഴ അതിരൂപതയുടെ ശതോത്തര രജതജൂബിലിയോഘോഷങ്ങളുടെ പശ്ചാത്തലത്തിൽ അതിരൂപതയ്ക്ക് ഒരു പുതിയ മുഖം നല്കുക എന്നതാണ്.

അതുപോലെ, വിശ്വാസത്തിനും സന്മാർഗജീവിതത്തിനുമെതിരേ ഉയർന്നുവന്നിട്ടുള്ള കാലികമായ വെല്ലുവിളികൾ തിരിച്ചറിഞ്ഞ്, സഭയ്ക്കും സമൂഹത്തിനും ഒരു സുവിശേഷ സംസ്കാരം എന്നതാണ് മൂന്നാമത്തേത്.

കൂടാതെ, സി.സി.ബി.ഐ.യുടെ രജതജൂബിലി വർഷം, ദൈവദാസി മദർ ഏലീശ്വയുടെ ചരമ ശതാബ്ദി, വാകയിലച്ചന്റെ ദൈവദാസപദവി, ചാവറയച്ചന്റെ വിശുദ്ധപദവി, ബെനഡിക്ട് പാപ്പായുടെ സ്ഥാനത്യാഗം, ഫ്രാൻസിസ് പാപ്പായുടെ സ്ഥാനാരോഹണം എന്നിങ്ങനെ ചരിത്രപ്രാധാന്യമുള്ള നിരവധി നാഴികക്കല്ലുകൾ സിനഡാഹ്വാനത്തിന് ആക്കംകൂട്ടി.

മാത്രമല്ല, പ്രശ്നസങ്കീർണമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആത്മീയവും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ ധാരാളം വെല്ലുവിളികൾ നിറഞ്ഞുനില്ക്കുന്നു. ചരിത്രത്തിലെ വലിയ ഉത്തരവാദിത്വങ്ങൾ വച്ചുനീട്ടുന്ന മനോഭാവം ഉൾക്കൊണ്ടുകൊണ്ട് പൗരജീവിതവും വിശ്വാസജീവിതവും പരിവർത്തനത്തിനു വിധേയമാകേണ്ട കാലമാണിത്.

## സിനഡ് ലക്ഷ്യം വച്ചത്

അതിരൂപതയുടെ ശതോത്തര രജതജൂബിലിയുടെ സമാപനദിനത്തിൽ 2012 ഒക്ടോബർ 28-ന് ഫ്രാൻസിസ് കല്ലറയ്ക്കൽ മെത്രാപ്പോലീത്ത അതിരൂപതാസിനഡ് പ്രഖ്യാപിച്ചപ്പോൾ നാല് കാര്യങ്ങളാണ് അതിരൂപതാ സിനഡിലൂടെ ലക്ഷ്യം വയ്ക്കുന്നതായി അറിയിച്ചത്:

a. അതിരൂപതയിലെ വിശ്വാസയാത്രയിൽ കടന്നുവന്ന വഴികൾ വിലയിരുത്തുക.
b. വിശ്വാസയാത്രയിൽ വന്നുപോയ തെറ്റുകളും വീഴ്ചകളും തിരുത്തുക.



c. കഴിഞ്ഞുപോയ കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ച് പുതിയ കാഴ്ചപ്പാടുകൾ നല്കി സർവതലസ്പർശിയായ നവീകരണം സാധ്യമാക്കുക.
d. അതിരൂപതയിൽ നിലവിലുള്ള ലിഖിതവും അലിഖിതവുമായ നിയമങ്ങളും പാരമ്പര്യങ്ങളും കാനൻനിയമങ്ങൾക്കനുസൃതമായി ക്രോഡീകരിച്ച് അതിരൂപതാ നിയമാവലി നവീകരിക്കുക.

## പങ്കാളിത്ത സഭ (Participatory Church)

സദാ പ്രവർത്തനനിരതയായ ക്രിസ്തുവിന്റെ സഭ, രണ്ടാം വത്തിക്കാൻ സൂനഹദോസ് മുന്നോട്ടുവച്ച പങ്കാളിത്തത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റെയും പാതയിൽ ആധുനിക സമൂഹത്തിന്റെ ധാർമികശബ്ദമായി നിലകൊള്ളുമ്പോൾ, വരാപ്പുഴ അതിരൂപതയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് 'പങ്കാളിത്തസഭ' എന്ന സൂനഹദോസിന്റെ ആഹ്വാനം ഈ സിനഡുവഴി അന്വർഥമാക്കുകയാണ്. 2012 ഒക്ടോബർ 28-ന് അതിരൂപതയുടെ ശതോത്തര രജതജൂബിലിയോഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചാണ് ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ അതിരൂപതാ സിനഡ് വിളംബരം ചെയ്തത്.

നൂറുവർഷങ്ങൾക്കപ്പുറം നടന്ന വരാപ്പുഴ അതിരൂപതാ സിനഡുകളിലെ നിയമങ്ങളും തീരുമാനങ്ങളും ഇന്നും അന്യൂനമായി നിലകൊള്ളുമ്പോഴും അണുകുടുംബ സംസ്കാരത്തിലും കമ്പ്യൂട്ടർ നിയന്ത്രിത ലോകത്തിലുമുള്ള വിശ്വാസികൾക്കാവശ്യമായ ആത്മീയനിറവ്

നല്കുക എന്ന ലക്ഷ്യം സിനഡ് പ്രഖ്യാപനത്തിലുണ്ടായിരുന്നു. 'നവജീവനിലേക്ക് ഒരു തീർഥാടനം: വിശ്വാസം, പങ്കാളിത്തം, സമൂഹനിർമിതി' എന്ന ആപ്തവാക്യത്തിന്റെയും അതിനനുസൃതമായ ലോഗോയുടെയും വെളിച്ചത്തിൽ സിനഡ് ഒരുക്കങ്ങളിലേക്ക് തുടർന്ന് പ്രവേശിച്ചു. അതിരൂപതയുടെ മഹത്ത്വമാർന്ന പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ, വിദൂരഭാവി മുന്നിൽ കണ്ടും കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞും കൂടുതൽ സജീവമായ പ്രവർത്തനങ്ങൾക്കായി ഈ സിനഡുവഴി ഏവരെയും ഒരുക്കുന്നതിന് 'വരുവിൻ, നമുക്ക് കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം' (ഏശ 2:5) എന്ന പ്രവാചകവചനവും സ്വീകരിച്ചു.

## വിശ്വാസം, പങ്കാളിത്തം, സമൂഹനിർമിതി

'നവജീവനിലേക്ക് ഒരു തീർഥാടനം: വിശ്വാസം, പങ്കാളിത്തം, സമൂഹനിർമിതി' എന്നതാണ് അതിരൂപതാ സിനഡിന്റെ ആപ്തവാക്യം. തീർഥാടനത്തിൽ വിശ്വാസമാകുന്ന ജ്വാല അണഞ്ഞുപോയാൽ മറ്റ് വെളിച്ചങ്ങളെല്ലാം അണയും. അപചയങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കാൻ, വിശ്വാസവീര്യം ശക്തിപ്പെടുത്താൻ ഈ സിനഡ് സഹായകമാകണം.

വൈദിക-സന്ന്യസ്ത-അല്മായ പങ്കാളിത്തം ഈ യാത്രയിലുടനീളം വേണം. രാജകീയ, പ്രാവാചക പുരോഹിതധർമങ്ങളിൽ പൊതുപൗരോഹിത്യംവഴി പങ്കുചേരുന്ന അല്മായർക്ക് സഭാജീവിതത്തിലും സംവിധാനങ്ങളിലും കൂടുതൽ പങ്കാളിത്തം നല്കാനും അവർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുക്കാനും ഈ സിനഡ് വഴിയൊരുക്കണം.

സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതവും ഭാവാത്മകവുമായ ഒരു സമൂഹം നിർമിച്ചെടുക്കുന്നതിന് സഭാമക്കൾക്കുള്ള കടമ വലുതാണ്. പുതിയ ആകാശവും പുതിയ ഭൂമിയും ലക്ഷ്യം വച്ചുള്ള നിർമിതിക്ക് ആക്കം കൂട്ടാനും കർമനിരതരായി മുന്നോട്ടു പോകാനും ഈ സിനഡ് അവസരമൊരുക്കണം.

## രൂപരേഖ (Roadmap)

2015 ഏപ്രിൽ മാസത്തിൽ സിനഡ് നടത്തുക എന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് ഒരു രൂപരേഖ തയ്യാറാക്കുകയും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. പ്രാരംഭത്തിൽത്തന്നെ തയ്യാറാക്കിയ ഈ രൂപരേഖയ്ക്കനുസൃതമായി സിനഡു പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു എന്നത് ചാരിതാർഥ്യം നല്കുന്ന കാര്യമാണ്.

## സമീപനരേഖ (Approach Paper)

അതിരൂപതാസിനഡ് പ്രഖ്യാപനശേഷം അതിരൂപതയിലെ എല്ലാ ഇടവകകളിലും സിനഡിന്റെ ആവശ്യകത, ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് ഒരു ഇടയലേഖനം വായിക്കുകയുണ്ടായി. ഇടയലേഖനത്തിൽ പരാമർശിക്കപ്പെട്ട ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്റ്റിയറിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു സമീപനരേഖ (Approach Paper) തയ്യാറാക്കുകയും അതിന്റെ വെളിച്ചത്തിൽ 2013 ഓഗസ്റ്റ് 3-ന് എറണാകുളം സോഷ്യൽ സർവീസ് ഹാളിൽ വച്ച് വൈദിക സന്ന്യസ്ത അല്മായ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു.

## റിസോഴ്സ് ബുക്ക് (Resource Book)

സിനഡിന്റെ പ്രാരംഭനടപടികൾക്ക് വ്യക്തമായ ദിശാബോധം നല്കുന്നതിനായി സംഘടിപ്പിച്ച ശില്പശാലയുടെ വെളിച്ചത്തിൽ ഒരു റിസോഴ്സ് ബുക്ക് തയ്യാറാക്കുകയും റിസോഴ്സ് ടീമംഗങ്ങൾക്കും മറ്റുള്ളവർക്കും പഠനത്തിനായി നല്കുകയും ചെയ്തു.

## മാർഗരേഖ (Lineamenta)

സിനഡുമായി ബന്ധപ്പെട്ടു നടത്തിയ പ്രഥമശില്പശാലയിൽ ഉയർന്നുവന്ന ആശയങ്ങളുടെ വെളിച്ചത്തിലും കൂട്ടായ ചർച്ചകളുടെയും പഠനങ്ങളുടെയും വെളിച്ചത്തിലും സിനഡ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി ഒരു മാർഗരേഖ തയ്യാറാക്കി 2013 ജനുവരി 15-ന് പ്രസിദ്ധീകരിച്ചത് പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നല്കുന്നതിന് സഹായകമായി. മാർഗരേഖയിൽ പറഞ്ഞിരിക്കുന്ന 22 വ്യത്യസ്ത മേഖലകളെക്കുറിച്ച് പഠിക്കുന്നതിനും പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി 15 പേർ വീതമുള്ള 22 ടാക്സ് ഗ്രൂപ്പുകൾക്ക് രൂപം നല്കി. ഈ ഗ്രൂപ്പുകളുടെ

പഠനങ്ങൾ താഴേ പറയുംവിധം നാല് അധ്യായ ങ്ങളിലായാണ് തയ്യാറാക്കിയത്. ഒന്ന്- ഓരോ ഗ്രൂപ്പിന്റെയും പഠനവിഷയത്തിൽ ദൈവശാസ്ത്രം. രണ്ട്- പഠനവിഷയം സംബന്ധിച്ചുള്ള അതിരൂപതയിലെ പ്രവർത്തന ചരിത്രം. മൂന്ന്- ഈ വിഷയം സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഇന്നത്തെ നിജസ്ഥിതിയും വെല്ലുവിളികളും. നാല്- ഈ മേഖലയിൽ പഠനഗ്രൂപ്പ് മുന്നോട്ടുവയ്ക്കുന്ന നവീകരണ മേഖലകളും നിർദേശങ്ങളും പദ്ധതികളും.

ടാക്സ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സമർപ്പിച്ച പഠനറിപ്പോർട്ടുകൾ 33 പേരടങ്ങുന്ന സ്റ്റിയറിങ് കമ്മിറ്റിയിൽ പരിശോധിക്കുകയും ആവശ്യമായ വിലയിരുത്തലുകളോടെ നവീകരിക്കുകയും ചെയ്തു.

## നവീകരണ മേഖലകൾ

അതിരൂപതാ സിനഡുവഴി നടക്കാനിരിക്കുന്നത് സർവതലസ്പർശിയായ നവീകരണമാണ്. നവീകരണം ആവശ്യപ്പെടുന്നവ 22 മേഖലകളായി തിരിച്ചിരിക്കുന്നു. മാമ്മോദീസാവഴി നമുക്കു ലഭിച്ചിരിക്കുന്ന രാജകീയ-പ്രവാചക-പുരോഹിത ധർമങ്ങളുടെ അടിസ്ഥാനത്തിൽ വിശുദ്ധീകരണ ധർമം (Munus Sanctificcandi), പ്രബോധനധർമം (Munus Docendi), ഭരണ ധർമം (Munus Gubernadi) എന്നിങ്ങനെയാണ് ഈ മേഖലകൾ തരംതിരിച്ചിട്ടുള്ളത്.

## പഠനവിധേയമാക്കിയ 22 മേഖലകൾ ഇവയാണ്:

1. സുവിശേഷവത്കരണം: സുവിശേഷം പ്രഘോഷിക്കുന്നതിനും ജീവിക്കുന്നതിനും ദൈവരാജ്യനിർമിതിയിൽ പങ്കുചേർന്ന് സഭാപ്രവർത്തനങ്ങൾ സജീവമാക്കുന്നതിനാവശ്യമായ സുവിശേഷവത്കരണം.
2. മതബോധനം: കേവലമായ അറിവുപകരുന്നതിനപ്പുറം വിശ്വാസം അനുഭവവേദ്യമാക്കാനും പഠിതാക്കളെ ക്രിസ്തുസാക്ഷികളാക്കി രൂപപ്പെടുത്താനും ഉതകുന്നതരത്തിൽ വിശ്വാസപരിശീലനം.
3. ആരാധനക്രമം: ആർഭാടവും വർണപ്പൊലിമയും മാത്സര്യവും അജ്ഞതയും ഒഴിവാക്കി വചനാധിഷ്ഠിതവും ജീവിതാനുഭവമായി മാറ്റാനുള്ള ലിറ്റർജി.



4. ക്രിസ്തീയ ധാർമികത: മനുഷ്യന്റെ ജീവനും അന്തസ്സിനും വിലകല്പിക്കുന്ന മൗലികവശത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുന്ന ക്രിസ്തീയ ധാർമികത.
5. എക്യുമെനിസവും ഡയലോഗും: ഇതര ക്രൈസ്തവ സഭകളുമായുള്ള ഐക്യവും ഇതരമതങ്ങളുമായുള്ള സൗഹാർദവും ശക്തിപ്പെടുത്തുന്ന നടപടികൾ.
6. കുട്ടികൾ: കുട്ടികളുടെ രൂപത്കരണത്തിനും വളർച്ചയ്ക്കും സുരക്ഷിതത്വത്തിനും ആവശ്യമായ കാലാനുസൃതമായ ക്രമവത്കരണങ്ങൾ.
7. യുവതീയുവാക്കൾ: സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുന്നതും ദൈവരാജ്യത്തിന്റെ മഹനീയ ദർശനങ്ങൾക്കനുസരിച്ച് മുന്നേറുന്നതുമായ യുവതലമുറ.
8. അല്മായർ: വിശ്വാസദാർഢ്യവും പങ്കാളിത്തവും കൂട്ടുത്തരവാദിത്വവുമുള്ള അല്മായർ.
9. വൈദികർ-സന്ന്യസ്തർ: സഭയ്ക്കും സമൂഹത്തിനുമായി സന്തോഷത്തോടും ത്യാഗത്തോടും വിശുദ്ധിയോടും കൂടെ പ്രവർത്തിക്കുന്ന വൈദിക-സന്ന്യസ്ത സഹോദരങ്ങൾ.
10. വിദ്യാഭ്യാസം: സാംസ്കാരിക സാമൂഹിക മാറ്റങ്ങൾക്കുതകുന്നതും വ്യക്തിജീവിതത്തിൽ ഏവർക്കും ഉയർച്ചയും വെളിച്ചവും പകരുന്നതുമായ വിദ്യാഭ്യാസം.
11. ആരോഗ്യരംഗം: ശാരീരികവും മാനസികവുമായ സുസ്ഥിതി ഉറപ്പുവരുത്തുന്ന ആരോഗ്യരംഗം.

12. മാധ്യമങ്ങൾ: പുതിയൊരു ലോകസംസ്കാരം പടുത്തുയർത്താനും സനാതനമൂല്യങ്ങൾ പ്രചരിപ്പിക്കാനും സുവിശേഷ വെളിച്ചത്തിൽ പ്രകാശിപ്പിക്കപ്പെടാനും ഉപകരിക്കുന്ന രീതിയിലുള്ള മാധ്യമങ്ങളുടെ വിവേകപൂർവകമായ ഉപയോഗം.
13. മറ്റു സ്ഥാപനങ്ങൾ: സഭയുടെ തൊഴിൽ ദായക- പരിശീലനകേന്ദ്രങ്ങളുടെയും സാമൂഹികസേവനസംരംഭങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും കാലോചിതമായ നവീകരണവും നീതിയിൽ അധിഷ്ഠിതവും ക്രിയാത്മകവുമായ ശുശ്രൂഷകളും.
14. തൊഴിലാളി-പ്രവാസി-കുടിയേറ്റക്കാർ: പൊതുനന്മയും സാമ്പത്തിക വ്യവസ്ഥിതിയും സംരക്ഷണവും ഉറപ്പുവരുത്തുന്ന തൊഴിലാളി-പ്രവാസി-കുടിയേറ്റമേഖലകൾ.
15. സ്ത്രീകൾ: സുരക്ഷിതത്വവും പങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പുവരുത്തിക്കൊണ്ടുള്ള സ്ത്രീശക്തിമത്കരണം.
16. സാമൂഹിക ശുശ്രൂഷ: ദരിദ്രർക്കും അനാഥർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും വൃദ്ധർക്കും രോഗികൾക്കും വേണ്ടിയുള്ള സഭയുടെ സാമൂഹിക ശുശ്രൂഷ.
17. പരിസ്ഥിതി: ആരോഗ്യകരവും സുസ്ഥിരവും ഉത്തവാദിത്വപൂർണവുമായ പരിസ്ഥിതി സംരക്ഷണം.
18. സാംസ്കാരിക മേഖല: ചരിത്രപ്രാധാന്യവും കലാമൂല്യവുമുള്ള സ്ഥലങ്ങളുടെയും വസ്തുക്കളുടെയും സംരക്ഷണത്തിനും സംഗീതം-സാഹിത്യം-കല എന്നിവയുടെ വളർച്ചയ്ക്കും വ്യാപനത്തിനും സഹായകമായ സാംസ്കാരിക മേഖലയിലെ സ്ഥാപനങ്ങൾ.
19. രാഷ്ട്രത്തിന്റെ അഖണ്ഡതയും സമൂഹത്തിന്റെ നന്മയും വ്യക്തികളുടെ സമഗ്രവികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന രാഷ്ട്രീയ മേഖല.
20. കുടുംബം: ജീവന്റെയും സ്നേഹത്തിന്റെയും പിള്ളത്തൊട്ടിലായ കുടുംബങ്ങളുടെ നവീകരണവും കുടുംബയൂണിറ്റ് പ്രവർത്തനങ്ങളുടെ ശക്തിമത്കരണവും.
21. അജപാലനശുശ്രൂഷാസംവിധാനങ്ങൾ: അതിരൂപതയിൽ നിലവിലുള്ള എല്ലാ ശുശ്രൂഷാ സംവിധാനങ്ങളെയും ശാസ്ത്രീയമായി ക്രോഡീകരിക്കുകയും പരസ്പര ഐക്യത്തിലും പങ്കാളിത്തത്തിലും പ്രവർത്തിക്കുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുക.
22. ഭരണനിർവഹണ സംവിധാനങ്ങൾ: അതിരൂപത-ഫൊറോന-ഇടവകതലങ്ങളിലുള്ള അജപാലനപ്രവർത്തനങ്ങളുടെ ഏകോപനവും നിർവഹണസംവിധാനങ്ങളുടെ നവീകരണവും ഉറപ്പുവരുത്തൽ.

## ഇടവക സിനഡും ശില്പശാലകളും

സ്റ്റിയറിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ 78 ഇടവകകളിലും 22 മറ്റ് പ്രധാനദേവാലയങ്ങളിലും സ്ഥാപനങ്ങളിലും 'പാരിഷ് സിനഡ്' എന്ന പേരിൽ മാർഗരേഖയുടെ അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ഓരോ ഇടവകയിലെയും വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുന്ന ഭാരവാഹികളും വിശ്വാസിസമൂഹവും ഇത്തരം സെമിനാറുകളിൽ താത്പര്യപൂർവം പങ്കുചേർന്നത്, സിനഡിനെക്കുറിച്ചുള്ള അവബോധം അതിരൂപതാംഗങ്ങൾക്ക് മുഴുവൻ നല്കാനും അതിരൂപതയിലെ നയരൂപവത്കരണത്തിന് വിശ്വാസിസമൂഹത്തിന്റെ നിർദേശങ്ങൾ ഉൾക്കൊള്ളാനും സഹായകമായി. എഴുപത്തഞ്ച് പേരടങ്ങുന്ന ടീമംഗങ്ങൾ ആധുനിക സാങ്കേതിക മാർഗങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് പാരിഷ് സിനഡ് സംഘടിപ്പിച്ചത്.

അതിരൂപതയിലെ വൈദികരുടെ ഒത്തുവാസം (Living-in-together), വൈദികരുടെ തുടർപരിശീലനവേദികൾ, വൈദിക സെനറ്റ്, അജപാലനസമിതി, ഫൊറോനാതല കാസ്സൂസ്, കുടുംബയൂണിറ്റ്തല വിചിന്തനങ്ങൾ, മതാധ്യാപകർ, അല്മായ സംഘടനകൾ, അല്മായ പ്രതിനിധികൾ, അല്മായ കമ്മീഷൻ പ്രവർത്തകർ, യുവജനസംഘടനകൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ, സ്ത്രീ സംഘടനകൾ, ഡോക്ടർമാർ, അതിരൂപതയിലെ ശ്രദ്ധേയരായ മുതിർന്ന പൗരന്മാർ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയപ്രവർത്തകർ, സന്ന്യസ്തർ, സന്ന്യസ്ത സുപ്പീരിയർമാർ, ഇടവകതല യുവജനപ്രതിനിധികൾ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി പ്രത്യേകം ശില്പശാലകൾ (Workshop) സംഘടിപ്പിക്കുകയും അവരുടെ നിരീക്ഷണങ്ങളും പ്രതീക്ഷകളും ഉൾക്കൊള്ളുകയും ചെയ്തു.

## പ്രവർത്തനരേഖ (Instrumentum Laboris)

പാരിഷ്സിനഡുകൾവഴിയും ശില്പശാലകൾ വഴിയും ലഭിച്ച ചിന്തകളും ദർശനങ്ങളും സ്റ്റിയറിങ് കമ്മിറ്റി, സിനോപ്സിസ് കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിലും ടാക്സ് ഗ്രൂപ്പ് പഠനങ്ങളുടെ വെളിച്ചത്തിലും വിലയിരുത്തിക്കൊണ്ട് ഒരു പ്രവർത്തനരേഖ തയ്യാറാക്കി 2015 മാർച്ച് മൂന്നിന് പ്രസിദ്ധീകരിച്ചു. ഈ രേഖയിലെ വിഷയങ്ങൾ ദൈവജനം, വിശുദ്ധീകരണധർമം, പ്രബോധനധർമം എന്നീ കാനോനികചുമതലകളുടെ അടിസ്ഥാനത്തിൽ 22 വ്യത്യസ്ത ശുശ്രൂഷാമേഖലകളെ നാല് അധ്യായങ്ങളിലായി അവതരിപ്പിച്ചു.

ദൈവജനം എന്ന ഒന്നാമത്തെ അധ്യായത്തിന്റെ കീഴിൽ അല്മായ വിശ്വാസികൾ, യുവജനം, സ്ത്രീകൾ, കുട്ടികൾ, വൈദികരും സന്ന്യസ്തരും, തൊഴിലാളികളും പ്രവാസികളും എന്നീ വിഷയങ്ങളും വിശുദ്ധീകരണധർമത്തിന്റെ കീഴിൽ സുവിശേഷവത്കരണം, ആരാധനക്രമം, ക്രിസ്തീയ ധാർമികത, സഭൈക്യം, മതസൗഹാർദം എന്നിവയും; പ്രബോധനധർമത്തിന്റെ കീഴിൽ കുടുംബം, വിശ്വാസപരിശീലനം, മാധ്യമം, പരിസ്ഥിതി, കലയും സംസ്കാരവും, വിദ്യാഭ്യാസം തുടങ്ങിയവും, അവസാനഅധ്യായമായ ഭരണധർമത്തിന്റെ കീഴിൽ, ആരോഗ്യം, സ്ഥാപനങ്ങൾ, സാമൂഹികവികസനം, രാഷ്ട്രീയകാര്യം, ഭരണനിർവഹണശുശ്രൂഷാസംവിധാനങ്ങൾ, ഭൗതികസമ്പത്തിന്റെ പരിപാലനം എന്നീ വിഷയങ്ങളും അവതരിപ്പിച്ചു.

## പ്രമേയങ്ങൾ (Resolutions)

പ്രവർത്തനരേഖ അധികരിച്ചു നടന്ന ചർച്ചകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ അതിരൂപതാസിനഡിൽ അവതരിപ്പിക്കാനുള്ള പ്രമേയങ്ങൾ തയ്യാറാക്കി. 22 നവീകരണ മേഖലകളുടെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിനും ഓരോ പ്രമേയം എന്ന നിലയിൽ 22 പ്രമേയങ്ങൾക്ക് രൂപംകൊടുത്തു. ഓരോ പ്രമേയത്തിലും നൈയാമികനിർദേശങ്ങൾ (Legislative Character), നയപരമായ നിർദേശങ്ങൾ (Policy Related) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി നിർദേശങ്ങൾ നിജപ്പെടുത്തി. നൈയാമിക നിർദേശങ്ങൾ നിയമസാധു



തയുള്ളവയും നയപരമായവ, അതത് പ്രവർത്തനമേഖലകൾക്ക് ദിശാബോധം നല്കുന്നവയുമാണ്.

## സിനഡംഗങ്ങൾ (Delegates)

അതിരൂപതയിലെ വൈദിക സന്ന്യസ്ത അല്മായ വിഭാഗങ്ങളിൽനിന്ന് കൃത്യമായ പ്രാതിനിധ്യം ലഭിക്കത്തക്ക രീതിയിലാണ് സിനഡംഗങ്ങളെ തിരഞ്ഞെടുത്തത്. 57 രൂപതാ വൈദികർ, 10 സന്ന്യസ്ത വൈദികർ, 20 സന്ന്യാസിനികൾ, ഒരു സെമിനാരി വിദ്യാർഥി, 71 അല്മായ പുരുഷന്മാർ, 23 അല്മായ സ്ത്രീകൾ എന്നിങ്ങനെ 182 പേരാണ് സിനഡംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവർ. കൂടാതെ, വരാപ്പുഴ അതിരൂപതയ്ക്കു കീഴിൽ ഉൾപ്പെടുന്ന വിജയപുരം, കൊച്ചി, കോട്ടപ്പുറം, കോഴിക്കോട്, കണ്ണൂർ, സുൽത്താൻപേട്ട് എന്നീ രൂപതകളിൽ നിന്നുള്ള പ്രതിനിധികളും സിനഡിൽ പങ്കുചേർന്നു.

അതിരൂപതാസിനഡ് ചർച്ചകളിലെ മോഡറേറ്റർമാരായി കണ്ണൂർ രൂപതാധ്യക്ഷൻ ബിഷപ് അലക്സ് വടക്കുംതല, തിരുവനന്തപുരം അതിരൂപതാംഗം മോൺസിഞ്ഞോർ ജയിംസ് കുലാസ്, കോട്ടപ്പുറം രൂപതാംഗം ജോയ് ഗോതുരുത്ത് എന്നിവരെയും ആർച്ചുബിഷപ് നിയോഗിച്ചു.

## പ്രീ-സിനഡ് അസംബ്ലി

2015 ഏപ്രിൽ 8 മുതൽ 12 വരെയുള്ള തീയതികളിലായി എറണാകുളം ആശീർഭവനിൽവച്ച് സിനഡുനടത്തപ്പെടുമെന്ന വാർത്ത ഇടയലേഖനംവഴി ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറ

യ്ക്കൽ അറിയിക്കുകയും ഇതിനുമുന്നോടിയായി 2015 മാർച്ച് 28-ാം തീയതി ഒരു പ്രീ സിനഡ് വിളിച്ചുകൂട്ടുകയും ചെയ്തു. സിനഡിൽ ക്ഷണിക്കപ്പെട്ടിട്ടുള്ള എല്ലാ അംഗങ്ങളും പ്രീ സിനഡിലും പങ്കെടുത്തു.

സിനഡംഗങ്ങൾക്കായി സിനഡിനെക്കുറുച്ചുള്ള നിർദേശങ്ങളും നടപടിക്രമങ്ങളുമെല്ലാം രേഖാമൂലം നല്കുകയുണ്ടായി. സിനഡാഘോഷങ്ങൾക്ക് ആവേശവും ഊർജവും പകരുന്ന വിധം പ്രീ സിനഡ് അസംബ്ലി അത്യന്തം വിജയകരമായിത്തീർന്നു.

## ഉദ്ഘാടനദിനവും സിനഡാഘോഷങ്ങളും

സിനഡിന്റെ പ്രാരംഭദിനത്തിൽ, എറണാകുളം ആശീർഭവനിൽ ഒത്തുചേർന്ന സിനഡംഗങ്ങൾക്കായി പ്രത്യേക പ്രാർഥനകളും ധ്യാനവും ആരാധനയും സംഘടിപ്പിക്കുകയും അംഗങ്ങളെല്ലാവരും കുമ്പസാരിച്ച് ഒരുങ്ങുകയും ചെയ്തു.

അതിരൂപതാ സിനഡിന്റെ ഉദ്ഘാടനം നടന്നത് അതിരൂപതയുടെ ഭദ്രാസനദേവാലയമായ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ വച്ചാണ്. സിനഡംഗങ്ങളെല്ലാവരും അവരുടെ പ്രത്യേക ബാഡ്ജ് ധരിച്ചെത്തുകയും മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ പങ്കുചേരുകയും ചെയ്തു.

ദിവ്യബലിയെത്തുടർന്ന്, സിനഡ് കോ-ഓർഡിനേറ്റർ ഡോ. സ്റ്റാൻലി മാതിരപ്പിള്ളി പെസഹാത്തിരിയിൽനിന്ന് കത്തിച്ചെടുത്ത ദീപം മെത്രാപ്പോലീത്തയ്ക്ക് കൈമാറുകയും അദ്ദേഹം അതിരൂപതാ സിനഡിന് തിരി തെളിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായുള്ള പരമ്പരാഗതഗീതം വേനി ക്രെയോത്തോർ മെത്രാപ്പോലീത്തയോടൊപ്പം സിനഡംഗങ്ങൾ ഒന്നുചേർന്ന് ആലപിക്കുകയും അതിരൂപതാധ്യക്ഷന്റെ മുന്നിൽ സത്യപ്രതിജ്ഞ ചെയ്ത് രേഖയിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. തുടർന്ന് സിനഡംഗങ്ങൾ പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങളിൽ സിനഡ് സെന്ററായ ആശീർഭവനിൽ തിരിച്ചെത്തുകയും സിനഡ് പരിപാടികൾ ആരംഭിക്കുകയും ചെയ്തു. ആദ്യദിനം രാത്രിയിൽ അംഗങ്ങൾക്കായി പ്രത്യേക കലാപരിപാടികളും ഒരുക്കിയിരുന്നു.

രണ്ടാംദിനം പ്രഭാതത്തിൽ, തൃശൂർ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യപ്രഭാഷണവും ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ ആമുഖസന്ദേശവും നല്കിയതിനെത്തുടർന്ന് സിനഡ് നടപടികൾ ആരംഭിച്ചു. രണ്ടാം ദിവസവും മൂന്നാം ദിവസവും പ്രമേയാവതാരണങ്ങളായിരുന്നു. ആദ്യ രണ്ടു ദിനങ്ങളിലെയും വ്യത്യസ്ത സെഷനുകളായി, ഓരോ സെഷനിലും മൂന്നു പ്രമേയങ്ങൾ വീതം, ടാസ്ക് ഗ്രൂപ്പ് പ്രതിനിധികൾ അവതരിപ്പിച്ചു. ഓരോ അവതാരണത്തിനുശേഷവും 18 പേർ വീതമുള്ള 10 ഗ്രൂപ്പുകളിലായി പ്രമേയങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും വിലയിരുത്തുകയും ചെയ്തു. ഓരോ ഗ്രൂപ്പും എല്ലാ പ്രമേയങ്ങളും എന്നാൽ ചില പ്രമേയങ്ങൾ പ്രത്യേകമായും ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ ഗ്രൂപ്പ് സെക്രട്ടറി സിനഡ് ഓഫീസിന് കൈമാറുകയും ചെയ്തു. ഗ്രൂപ്പുകൾ മുന്നോട്ടുവച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ, എക്സിക്യുട്ടീവ് കമ്മിറ്റി സിനഡ് പ്രമേയങ്ങൾ നവീകരിച്ച് പുനവതാരണത്തിനു നല്കി. കൊല്ലം ബിഷപ് സ്റ്റാൻലി റോമൻ, കോട്ടപ്പുറം ബിഷപ് ജോസഫ് കാരിക്കശേരി, കണ്ണൂർ ബിഷപ് അലക്സ് വടക്കുംതല എന്നിവരുടെ മുഖ്യകാർമികത്വത്തിൽ സിനഡ്ദിനങ്ങളിൽ ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

പ്രമേയങ്ങളുടെ പുനരവതാരണവും പൊതുചർച്ചയും അംഗീകാരവുമായിരുന്നു നാലാം ദിനം നടന്നത്. ഓരോ പ്രമേയവും പുനവതാരണവേളയിൽത്തന്നെ വോട്ടിങിന് ഇടുകയും ഉയർന്നുവന്ന സംശയങ്ങൾക്ക് കോ-ഓർഡിനേറ്റർ മറുപടി നല്കുകയും എല്ലാ പ്രമേയങ്ങളും വൻ ഭൂരിപക്ഷത്തോടെ പാസ്സാക്കുകയും ചെയ്തു.

അഞ്ചാം ദിവസം തിരുവനന്തപുരം ആർച്ചുബിഷപ് സൂസപക്യം സിനഡിനുശേഷമുള്ള പ്രതീക്ഷകൾ സംബന്ധിച്ച് സംസാരിച്ചു. തുടർന്ന്, സിനഡംഗങ്ങൾ വോട്ടിങിലൂടെ അംഗീകരിച്ച നൈയാമികവും നയപരവുമായ നിർദേശങ്ങൾ അതിരൂപതാ സിനഡ് കോ-ഓർഡിനേറ്റർ ഡോ. സ്റ്റാൻലി മാതിരപ്പിള്ളിയും വികാരി ജനറൽ മോൺ. ജോസഫ് പടിയാരം

പറമ്പിലും ചേർന്ന് അതിരൂപതാധ്യക്ഷന് കൈമാറി.

അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ സിനഡിന്റെ ഓർമയ്ക്കായി ആശീർഭവൻ അങ്കണത്തിൽ വൃക്ഷത്തൈ നടുകയും സിനഡ് നടന്ന കോൺഫറൻസ് ഹാളിന് 'സിനഡ് ഹാൾ' എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. തുടർന്ന്, ആർച്ചുബിഷപ്പുമാരായ ഫ്രാൻസിസ് കല്ലറയ്ക്കൽ, സൂസപാക്യം, ബിഷപ് അലക്സ് വടക്കുതല എന്നിവരുടെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു.

## പോസ്റ്റ് സിനഡ് (Post Synod)

അതിരൂപതാ സിനഡിൽ പങ്കെടുത്ത എല്ലാ ഡെലഗേറ്റ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് 2015 ഓഗസ്റ്റ് 30 ഞായറാഴ്ച വൈകീട്ട് 4 മുതൽ 7 വരെ ആശീർഭവനിൽ പോസ്റ്റ് സിനഡ് സംഘടിപ്പിച്ചു. സിനഡ് പാസ്സാക്കിയ നൈയാമികവും സയപരവുമായ നിർദേശങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ നിയമാവലികളും കർമപദ്ധതികളും അതിരൂപതാധ്യക്ഷൻ ഔപചാരികമായി ഒപ്പുവച്ചത് പോസ്റ്റ് സിനഡിലാണ്. ഇതിനെത്തുടർന്ന് മൂന്ന് വർഷത്തേക്കുള്ള സിനഡനന്തര കർമപദ്ധതിയും അവതരിപ്പിക്കപ്പെട്ടു.

## സിനഡനന്തര പ്രവർത്തനങ്ങൾ

വിശ്വാസം, പങ്കാളിത്തം, സമൂഹനിർമിതി എന്ന ത്രിതലവീക്ഷണത്തിൽനിന്നുകൊണ്ടാണ് സിനഡനന്തര പ്രവർത്തനങ്ങൾക്ക് വരാപ്പുഴ അതിരൂപത രൂപം നല്കിയത്. പങ്കാളിത്തസഭ എന്ന വികാരം സിനഡുദിനങ്ങളിലെല്ലാം അനുഭവവേദ്യമായതുമാണ്.

സഭ പ്രകൃത്യാ ഒരു കൂട്ടായ്മയാണ്. അത് കൂട്ടായ ശുശ്രൂഷയിൽ നിന്ന് ആരംഭിക്കുകന്നതും കൂട്ടായ്മ ലക്ഷ്യമാക്കിട്ടുള്ളതുമാണ്. പങ്കാളിത്തത്തിന്റെ ദൈവശാസ്ത്രമാണ് സഭ എക്കാലത്തും ആഗ്രഹിച്ചിട്ടുള്ളത്. സഭയിൽ പുരോഹിതരും സന്ന്യസ്തരും അല്മായരും പങ്കാളിത്തശൈലിയിൽ ഒറ്റക്കെട്ടായി നിലകൊള്ളണം. പുരോഹിതർ തങ്ങളുടെ അല്മായരെ സഹോദരതുല്യം കാണുന്നതാണ് ഇന്നത്തെ ശുശ്രൂഷാഭാഷയിലുണ്ടായിരിക്കുന്ന മാറ്റം. ഈ സഹോദരതുല്യമനോഭാവം അല്മായർക്ക്



വൈദികരോടും വൈദികർക്കും മെത്രാൻമാർക്കും പരസ്പരവും ഉണ്ടായാൽ ക്രിസ്തു ലക്ഷ്യം വയ്ക്കുന്ന ദൈവരാജ്യാനുഭവം എളുപ്പമാകും. ഈയൊരു കാഴ്ചപ്പാട് തന്നെയാണ് സിനഡനന്തര പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി നിന്നത്.

## 6 ശുശ്രൂഷാസമിതികളും 24 കമ്മീഷനുകളും

അതിരൂപതയിലെ വിവിധ ശുശ്രൂഷാരംഗങ്ങൾ സമന്വയിപ്പിച്ച് ആറ് ശുശ്രൂഷസമിതികൾക്കും അവയുടെ കീഴിലായി ഇരുപത്തിനാല് കമ്മീഷനുകൾക്കും രൂപംകൊടുക്കുകയും ഓരോന്നിനും പ്രത്യേകം ഡയറക്ടറെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും നിയമിക്കുകയും ചെയ്തു.

ആരാധനക്രമക്രമനിർദേശങ്ങളുടെ മാർഗരേഖയനുസരിച്ച് ഇടവകകളിൽ ആരാധനക്രമത്തിൽ വരുത്തേണ്ട ക്രമവത്കരണങ്ങൾക്ക് തുടക്കം കുറിക്കുകയും അതിന് നേതൃത്വം കൊടുക്കാൻ ഇടവകകൾതോറും ലിറ്റർജിക്കൽ കമ്മിറ്റികൾ സ്ഥാപിക്കുകയുമുണ്ടായി. ഇടവക അജപാലനസാമ്പത്തിക കാര്യ സമിതികൾ പുതിയമാർഗരേഖയനുസരിച്ച് ഇടവകകൾതോറും രൂപത്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. ഇവ കൂടാതെ, തിരുകർമസംഗീതം, കൊമ്പ്രേര്യാ തിരുനാളാഘോഷങ്ങൾ എന്നിവയുടെയും വിവിധകമ്മീഷനുകളുടെയും മാർഗരേഖകൾ പ്രസിദ്ധീകരിക്കുന്നതിനും സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.